പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3836 19/03/2018-ൽ മറുപടിക്ക്

## പ്രൈമറി ഡിവിഷൻ അദ്ധ്യാപകരുടെ അശാസ്ത്രീയ തസ്തിക മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) പ്രൈമറി ഡിവിഷൻ അദ്ധ്യാപകരായി 2006-ന് മുമ്പ് നിയമനം നേടിയവർ എൽ.പി യിൽ നിന്ന് യു.പി യിലേക്കും തിരിച്ചും സൗകര്യത്തിനനുസരിച്ച് സ്ഥലംമാറ്റവും/ തസ്തി-കമാറ്റവും വാങ്ങുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കുറയുന്നതിന് ഇത്തരം അശാസ്ത്രീയ തസ്തിക മാറ്റം കാരണമായിട്ടുണ്ടോയെന്ന് പരിശോധി-ക്കുമോ; | (എ) യും (ബി) യും<br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധ-യിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരി-ക്കുന്നതാണ്. |
| (സി) പ്രസ്തുത തസ്തികകൾ പരസ്പരം മാറ്റാൻ പാടില്ലെന്ന് ഹൈക്കോടതി വിധി നിലവില്ല-ണ്ടോ; ഉണ്ടെങ്കിൽ ഈ വിധി മറികടന്ന് പ്രസ്തുത തസ്തികമാറ്റം എങ്ങനെയാണ് നടക്കുന്നതെന്നും പരിശോധിക്കുമോ: | (സി) കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എൽ.പി.എസ്.എ/ യു.പി.എസ്.എ പ്രത്യേകം റാങ്ക് ലിസ്റ്റിൽ നിന്നു നിയമിതരായവർക്ക് പൊതു സ്ഥലം മാറ്റത്തിൽപ്പെടുത്തി എൽപിഎസ്എ ക്ക് യുപിഎസ്എ ആയോ തിരിച്ചോ സ്ഥലം മാറ്റം നൽകാൻ പാടില്ലെന്നു നിഷ്കർഷി-ക്കുന്ന ജി.ഒ (എം.എസ്) നം.133/07/ പൊ.വി.വ നിലവിലുണ്ട്. 2005 ന് മുൻപ് നിലവിലുണ്ടായിരുന്ന രീതിയായ കോമൺ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിയമിതരാ-യവർക്ക് എൽപിഎസ്എ യിൽ നിന്ന് യുപിഎസ്എ യിലേക്കും തിരിച്ചും ട്രാൻസ്ഫർ അനുവദിക്കുന്നുണ്ട്. |
| (ഡി) എൽ.പി - യിൽ അവധിക്കാല പരിശീലനം പൂർത്തിയാക്കി യു.പി യിൽ പഠിപ്പിക്കുന്നത് മൂലം പ്രൈമറി വിദ്യാഭ്യാസത്തിന്റെ നിലവാരം തകരുന്നത് ചെറുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?. | (ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ